**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1331** **12-02-2025 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര വകുപ്പിന്റെ നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയ നൂതന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയ നൂതന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>• **ഹെലി ടൂറിസം-** കേരളത്തിന്റെ മനോഹാരിത പുതിയൊരു കാഴ്ചപ്പാടിലൂടെ ആസ്വദിക്കുന്നതിന് വഴിയൊരുക്കുന്നതോടൊപ്പം ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് എത്തുന്നതിനും ഹെലി ടൂറിസം സഞ്ചാരികളെ പ്രാപ്തരാക്കും. ഹെലിടൂറിസം വിനോദസഞ്ചാരികൾക്ക് ഒരു പുതിയ ഉത്പന്നം എന്നതിനു പുറമെ വിവിധ നിക്ഷേപ സാദ്ധ്യതകളും തുറന്നിടും. സാധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹെലിപാഡുകളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുക, ഹെലികോപ്റ്റർ സേവനങ്ങൾ ലഭ്യമാക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ഹെലിടൂറിസം നയത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. വിനോദ സഞ്ചാരികൾക്ക് ആവശ്യമായ പാക്കേജുകളും, മറ്റ് പ്രവർത്തനങ്ങളും ഒരുക്കുക വഴി വിവിധങ്ങളായ നിക്ഷേപാവസരങ്ങൾ ഇതിന്റെ ഭാഗമായി സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>• **ഡിസൈൻ പോളിസി -** വിനോദസഞ്ചാരം എന്നത് കാഴ്ചയും അനുഭവവും ഒന്നുചേരുന്നതും നമ്മെ ആഴത്തിൽ സ്പർശിക്കുന്നതുമായ ഒരു പ്രക്രിയയാണ്. നമ്മുടെ നിർമ്മിതികളും പ്രകൃതിയും ചുറ്റുപാടുകളും ആകർഷകമായി നിലനിർത്തേണ്ടതും തിങ്ങി നിറഞ്ഞതുപോലെയല്ലാതെ മനോഹരമായി |

സൂക്ഷിക്കേണ്ടതും വിനോദസഞ്ചാരത്തെ സംബന്ധിച്ച് പരമപ്രധാനമാണ്. ഇവ കണക്കിലെടുത്ത്കൊണ്ട് നമുക്ക് ചുറ്റും നല്ല നിർമ്മിതികളും അവയുടെ ചുറ്റുപാടുകളും വളർന്നു വരുന്നതിന് സഹായിക്കുന്നതിനും നിലവിലുള്ള നിർമ്മിതികളെ കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശക ചട്ടക്കൂട് ആണ് രൂപകൽപ്പന നയം അഥവാ ഡിസൈൻ പോളിസി. ഡിസൈൻ പോളിസി വിവിധ മേഖലകളിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു മാർഗ്ഗ നിർദ്ദേശക ചട്ടക്കൂട് തയ്യാറാക്കുന്നതിനായി 2024 സെപ്റ്റംബർ 26, 27, 28, തീയതികളിലായി ഒരു ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. മൂന്ന് ദിവസമായി നടന്ന ചർച്ചകളുടെ ഭാഗമായി ഉയർന്നു വന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് തയാറാക്കിയ ഡിസൈൻ പോളിസി നിർവ്വഹണ മാർഗ്ഗരേഖ അന്തിമ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഡിസൈൻ പോളിസിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു.

- **സിനി ടൂറിസം:-** കേരളത്തിൽ ചിത്രീകരിച്ച പ്രസിദ്ധങ്ങളായ സിനിമകളുടെ ഷൂട്ടിംഗ് ലൊക്കേഷനുകൾ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിച്ച് ഈ സിനിമകളിലെ കഥാപാത്രങ്ങളും സന്ദർഭങ്ങളും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കിരീടം സിനിമയുടെ പ്രധാന ലൊക്കേഷനായ തിരുവനന്തപുരം ജില്ലയിലെ കിരീടം പാലവും പരിസരവും ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്ന പദ്ധതി പുരോഗമിച്ചു വരികയാണ്.
- **കാരവൻ ടൂറിസം** – G.O(MS).18/2021/TSM dtd.08/10/2021 പ്രകാരം സർക്കാർ കാരവൻ ടൂറിസം നയം പുറപ്പെടുവിച്ചു ഉത്തരവായിരുന്നു. സംസ്ഥാനത്ത് ഇതിനകം 14 കാരവനുകൾ വിനോദ സഞ്ചാരികൾക്കായി സർവീസ് തുടങ്ങുകയും വാഗമണിൽ ഒരു കാരവൻ പാർക്ക് കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. KTDC യു മായി സഹകരിച്ചു കാസർഗോഡ് ബേക്കലിലും, എറണാകുളത്ത് ബോൾഗാട്ടി പാലസ് ഹോട്ടലിലും കാരവൻ പാർക്കുകൾ

തുടങ്ങുന്നതിന് ഭരണാനുമതി നൽകി പ്രവൃത്തികൾ നടന്നുവരുന്നു.

- **ഡെസ്റ്റിനേഷൻ ചലഞ്ച്:-** ഗ്രാമീണ മേഖലകളിൽ അറിയപ്പെടാത്ത ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ചെടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി നടപ്പാക്കുന്നു. 2026 ഓടെ "ഒരു പഞ്ചായത്തിൽ ഒരു ടൂറിസം ഡെസ്റ്റിനേഷൻ" എന്ന ലക്ഷ്യം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് പ്രോഗ്രാം ഇതുവരെ 40 പദ്ധതികൾക്ക് അനുമതി നൽകി. വരുന്ന സാമ്പത്തിക വർഷത്തിൽ കൂടുതൽ LSGD-കളുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നു.
- **മലബാർ ലിറ്ററി സർക്യൂട്ട്** -മലബാർ മേഖലയിലെ ജില്ലകളായ പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ തുഞ്ചൻ സ്മാരകം ബേപ്പൂർ, തസ്സറാക്ക്, പൊന്നാനി , തൃത്താല, നിളാ തീരം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് "മലബാർ ലിറ്ററി ടൂറിസം സർക്യൂട്ട് പദ്ധതി" നടപ്പിലാക്കി വരുന്നു. മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ.വി.വിജയൻ, എം.ടി. വാസുദേവൻ നായർ തുടങ്ങിയവരുമായി അഭേദ്യമായി ബന്ധപ്പെട്ട സ്ഥലങ്ങൾ ഉൾപ്പെടുത്തിയാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. രണ്ട് ഘട്ടങ്ങളിലായാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഭാഗമായി വൈക്കം മുഹമ്മദ് ബഷീർ സ്മാരകത്തിന്റെ പ്രവൃത്തി അന്തിമഘട്ടത്തിലാണ്.
- **സ്റ്റാർട്ട്അപ്പ് മിഷൻ-** വിനോദസഞ്ചാര മേഖലയിൽ നൂതന ആശയങ്ങൾ സംരംഭകത്വം, സാങ്കേതിക വിദ്യ എന്നിവയിലൂടെ പരിവർത്തനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റാർട്ട്അപ്പ് മിഷനും വിനോദസഞ്ചാര വകുപ്പും ഒരുമിച്ച് പ്രവർത്തിക്കുവാൻ ധാരണയായിട്ടുണ്ട്. ആയതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് കേരള സ്റ്റാർട്ട്അപ്പ് മിഷനുമായി ചേർന്ന് പ്രവർത്തിക്കുന്നതിനായി MOU യിൽ ഏർപ്പെട്ടിട്ടുണ്ട്.

- **ക്യാരിയിംഗ് കപ്പാസിറ്റി പഠനം-** ടൂറിസം ഡെസ്റ്റിനേഷനുകളിൽ വാഹക ശേഷി പഠനം അത്യാവശ്യമാണ്. പരിസ്ഥിതി, സമ്പദ്‌വ്യവസ്ഥ, പ്രാദേശിക സമൂഹം എന്നിവയിൽ കാര്യമായ പ്രതികൂല പ്രത്യാഘാതങ്ങൾ ഉണ്ടാക്കാതെ ഒരു ലക്ഷ്യസ്ഥാനത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന പരമാവധി സന്ദർശകരുടെ എണ്ണം നിർണ്ണയിക്കാൻ ഇത് സഹായിക്കുന്നു. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ തെരഞ്ഞെടുക്കപ്പെട്ട രണ്ട് ടൂറിസം കേന്ദ്രങ്ങളുടെ വാഹക ശേഷി പഠനം നടത്തുന്നതിന് 15.10.2024ലെ GO (Rt) No. 568/2024/TSM പ്രകാരം ഉത്തരവായിട്ടുണ്ട്.
- **ഉത്തരവാദിത്ത ടൂറിസം** - സുസ്ഥിര ടൂറിസം വികസനം സാധ്യമാക്കുന്നതിനായി കേരളത്തിൽ നടപ്പാക്കി വരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ പ്രാദേശിക ജനതയുടെ സാമ്പത്തിക, സാമൂഹിക, ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നതും, പാരിസ്ഥിതിക സംരക്ഷണം അടിസ്ഥാനമാക്കിയുള്ളതുമാണ്. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി വഴി നടപ്പാക്കി വരുന്ന സംസ്ഥാനത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ഈ രംഗത്തെ ലോക മാതൃകകളായി അംഗീകരിക്കപ്പെട്ടിട്ടുള്ളവയാണ്. വില്ലേജ് ലൈഫ് എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ, എക്സ്പീരിയൻഷ്യൽ സ്റ്റേ പാക്കേജുകൾ, പെപ്പർ, മോഡൽ ആർടി വില്ലേജുകൾ, സ്ട്രീറ്റ് തുടങ്ങിയ പങ്കാളിത്ത ടൂറിസം വികസന പദ്ധതികൾ എന്നിങ്ങനെ ടൂറിസം മേഖലയിൽ വിപ്ലവകരമായ മാതൃകകളും ആയാണ് കേരളം എപ്പോഴും വന്നിട്ടുള്ളത്. 'സ്ത്രീ സൗഹാർദ്ദ ടൂറിസം ഇനിഷ്യേറ്റീവ് പദ്ധതി കെ ആർ ടി എം സൊസൈറ്റി വഴി കേരളം ടൂറിസം നടപ്പിലാക്കുന്ന മറ്റൊരു മാതൃകയാണ്. സ്ത്രീകളുമായി ബന്ധപ്പെട്ട ടൂറിസത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്നതാണ് 'സ്ത്രീ സൗഹാർദ്ദ ടൂറിസം' എന്ന പദ്ധതി.

പ്രാദേശിക സമൂഹത്തിലെ സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിന്റെ ഭാഗമായി പ്രയോജനപ്പെടുത്തുന്ന വിവിധ ടൂളുകളിൽ ഒന്നായ ജൻഡർ ഓഡിറ്റ്, ടൂറിസം രംഗത്ത് ആദ്യമായി

നടത്തുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം ആണ് കേരളം. നിലവിൽ 5 കേന്ദ്രങ്ങളിൽ ജൻഡർ ഓഡിറ്റ് പൂർത്തിയാക്കി, പുതുതായി 12 കേന്ദ്രങ്ങളിൽ ജണ്ടർ ഓഡിറ്റ് നടന്നു വരുന്നു. ഇതിന് പുറമേ 68 കേന്ദ്രങ്ങളിൽ സേഫ്റ്റി ഓഡിറ്റ് പൂർത്തിയാക്കി. കേരളത്തിൽ നടന്നുവരുന്ന സ്ത്രീ സൗഹാർദ്ദ വിനോദ സഞ്ചാര പദ്ധതി ആഗോള മാതൃകയായി മാറി കഴിഞ്ഞു. സ്ത്രീ സൗഹൃദ വിനോദസഞ്ചാര പ്രവർത്തനങ്ങൾ ലോക ശ്രദ്ധയിൽ എത്തിക്കുന്നതിന് യു.എൻ വുമൺ ന്റെ കൂടി പങ്കാളിത്തത്തോടെ ആദ്യ ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ റെസ്പോൺസിബിൾ & ജൻഡർ ഇൻക്ലൂസീവ് ടൂറിസം 2024 നവംബർ 30, ഡിസംബർ 1, 2 തിയതികളിലായി കേരളത്തിലെ അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ മൂന്നാറിൽ വച്ച് നടന്നു.

- **സ്പോർട്സ് ടൂറിസം:-** കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ വിനോദസഞ്ചാരികളുടെ ശാരീരികവും മാനസികവുമായ ഉല്ലാസം വർധിപ്പിക്കുക എന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം. കായിക വിനോദങ്ങളിൽ ഏർപ്പെടുന്നതിനായുള്ള സൗകര്യങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ആദ്യ ഘട്ടത്തിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സ്പോർട്സ് വിനോദസഞ്ചാര പദ്ധതി നടപ്പാക്കാനാണ് ആലോചിക്കുന്നത്. സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ, സ്പോർട്സ് കിറ്റുകൾ, സ്പോൺസർഷിപ്പുകൾ , പരസ്യങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.
- **ടൂറിസം ഹബ്-** കേരള സംസ്ഥാനത്തെ ലോക നിലവാരത്തിലുള്ള ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന്റെ സാധ്യതകൾ വിശകലനം ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ പ്രധാന ബീച്ചുകളിൽ ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രസ്തുത സ്ഥലങ്ങൾ മാലിന്യ മുക്തമാക്കുന്നതിനും ഹെലി ടൂറിസം, വെഡിങ് ടൂറിസം, ക്രൂയിസ് ടൂറിസം, ഹെറിറ്റേജ് ടൂറിസം, കാരവൻ ടൂറിസം എന്നിവ നടപ്പിലാക്കുന്നതിനും ദേശീയ/ അന്താരാഷ്ട്ര ഫെയറുകൾ സംഘടിപ്പിക്കുക, ഫുഡ് സ്ട്രീറ്റുകളുടെ നിർമ്മാണം, ടൂറിസം കോറിഡോർ വികസനം ചാമ്പ്യൻസ് ബോട്ട് ലീഗ്, സാഹസിക ടൂറിസം തുടങ്ങിയവ പ്രോത്സാഹിപ്പിയ്ക്കുന്നതിനുമുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ്.

| | | | |
|---|---|---|---|
| | | | • **നൈറ്റ് ലൈഫ് ടൂറിസം-** സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ആദ്യ ഘട്ടമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ 2.63 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമായി 'Façade illumination' എന്ന പദ്ധതിയും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മാനവീയം വീഥി പോലെയുള്ള പ്രദേശങ്ങൾ വിപുലപ്പെടുത്തിക്കൊണ്ട്, വ്യാപകമായ പൊതു ഇടപഴകൽ വഴിയുള്ള സുപ്രധാന വിജയത്തെ പ്രയോജനപ്പെടുത്തി, കൂടുതൽ സ്ഥലങ്ങളിലും നൈറ്റ് ലൈഫ് ടൂറിസത്തിന്റെ സാധ്യത വ്യാപിപ്പിക്കാൻ സംസ്ഥാനം ഉദ്ദേശിക്കുന്നു.<br>• സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് Special Assistance to States for Capital Investment (SASCI) സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ 'Ashtamudi Biodiversity and Eco- Recreational Hub Kollam' കൂടാതെ കോഴിക്കോട് ജില്ലയിൽ 'Sargalaya – Global Gateway to Malabar Cultural Crucible, എന്നീ പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | സംസ്ഥാനത്ത് പാലങ്ങളുടെ അടിഭാഗം ആകർഷകമാക്കി ഉപയോഗിക്കുന്നതും ദീപാലംകൃതമാക്കുന്നതുമായ പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പാലങ്ങൾക്ക് താഴെ ഉപയോഗിക്കാത്ത ഇടങ്ങൾ പുനർനിർമ്മിച്ച് അവയെ സജീവമായ വിനോദ, പ്രവർത്തന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. പാലങ്ങളുടെ അടിഭാഗത്ത് പെയിന്റിങ് ചെയ്തും പാർക്കുകൾ, ഇരിപ്പിടങ്ങൾ, കായിക സൗകര്യങ്ങൾ എന്നിവയുൾപ്പെടെ നിരവധി വിനോദ സൗകര്യങ്ങൾ നൽകി സന്ദർശകരെ കൂടുതൽ ആകൃഷ്ടരാക്കിയും തദ്ദേശവാസികളുടെ ഒഴിവ് സമയങ്ങൾ ചെലവഴിയ്ക്കുന്നതിനുള്ള സൗകര്യം നൽകികൊണ്ട് സാമൂഹിക പങ്കാളിത്തം ഉറപ്പ് വരുത്തിയുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ സംരംഭം നഗര ഇടങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക മാത്രമല്ല, സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ മൊത്തത്തിലുള്ള ക്ഷേമവും ജീവിത നിലവാരവും മെച്ചപ്പെടുത്തുകയും ചെയ്യുന്നു. കൊല്ലം എസ്.എൻ. കോളേജ് റെയിൽവേ പാലത്തിന് താഴെയുള്ള ഭാഗത്തെ സൗന്ദര്യവത്കരണ പദ്ധതിക്ക് Rs.2,00,00,000/- |

| | | | |
|---|---|---|---|
| | | | രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ